പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 953 **14-10-2026-ൽ മറുപടിയ്ക്ക്**

തിരുവമ്പാടി മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. കാസിം ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) തിരുവമ്പാടി മണ്ഡലത്തിൽ ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പല റോഡുകളും വെട്ടിപ്പൊളിച്ച് പൈപ്പുകൾ ഇടുന്ന നടപടി ഇഴഞ്ഞു നീങ്ങുകയാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ഏപ്പോൾ കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുമെന്നും അതിനായി എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളതെന്നും അറിയിക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവമ്പാടി നിയമസഭാമണ്ഡലത്തിൽ ഉൾപ്പെട്ട കോടഞ്ചേരി, കൂടരഞ്ഞി, കൊടിയത്തൂർ, കാരശ്ശേരി, തിരുവമ്പാടി, പുതുപ്പാടി എന്നീ പഞ്ചായത്തുകളിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ നിലവിൽ നടന്നു വരുന്നുണ്ട്. പൈപ്പ്ലൈൻ കടന്നു പോകുന്ന റോഡുകളിൽ പി.ഡബ്ല്യു.ഡി., കെ.ആർ.എഫ്.ബി., എൻ.എച്ച്., കെ. എസ്.ടി.പി. എന്നിവിടങ്ങളിൽ നിന്നും റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കാതിരിക്കുന്നത്/ വൈകുന്നതാണ് ഈ പ്രവൃത്തികൾ മന്ദഗതിയിലകാനുള്ള പ്രധാന കാരണം. പ്രസ്തുത നിയമസഭാ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ 2028 മാർച്ച് ഓടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) അടിയന്തരമായി പദ്ധതി പൂർത്തീകരിക്കാനും കുടിവെള്ളം ലഭ്യമാക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി പ്രവൃത്തികളുടെ പുരോഗതി നിരന്തരം വിവിധ തലങ്ങളിൽ അവലോകനം ചെയ്ത് തടസ്സങ്ങൾ പരിഹരിച്ച് വരുന്നു. പൈപ്പ്ലൈൻ കടന്നു പോകുന്ന പി.ഡബ്ല്യു.ഡി., കെ.ആർ.എഫ്.ബി., എൻ.എച്ച്., കെ.എസ്.ടി.പി. എന്നീ റോഡുകളിൽ അതാതു അതോറിറ്റികളിൽ നിന്നും റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കി ജൽ ജീവൻ മിഷൻ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഗതാഗതം സുഗമമാക്കുന്നതിന് പദ്ധതിയുടെ ഭാഗമായി വെട്ടിപ്പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

മറുപടി: പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി മുറിച്ച റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള റോഡ് ഫണ്ട് ബോർഡ്

എന്നിവയുൾപ്പെടെയുള്ള ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് പുനഃസ്ഥാപന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയും അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ജില്ലാ-സംസ്ഥാനതല അവലോകന യോഗങ്ങളിലൂടെ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ